പത്രക്കുറിപ്പ്

# യുവാവിനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

## വീട്ടമ്മയെ ആക്രമിച്ച കേസിൽ ഒരാൾ പിടിയിൽ

## യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ പിടിയിൽ

കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 234 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- പൂന്തുറയിൽ യുവാവിനെ പൊട്ടിച്ച കുപ്പി കൊണ്ട് കുത്തിക്കൊലപ്പെത്താൻ ശ്രമിച്ച കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ബീമാപള്ളി ഷീബാ മൻസിലിൽ മുഹമ്മദ് സിറാജ് (26) നെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത സിറാജ് (26)

ചെവ്വാഴ്ച വൈകിട്ട് 4 മണിക്കാണ് സംഭവം നടന്നത്. മുട്ടത്തറ സ്വദേശി ഹനീഫിനെ ബീമാ പള്ളിക്ക് മുൻവശം റോഡിൽ വച്ച് പ്രതി തടഞ്ഞു നിർത്തി മർദ്ദിക്കുകയും റോഡിൽ തള്ളിയിടുകയും കുപ്പി പൊട്ടിച്ച് വയറിൽ കുത്തി കൊലപ്പെടുത്താൻ ശ്രമിക്കുകയുമായിരുന്നു. മുൻ വൈരാഗ്യമാണ്

ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ മാരായ ഷിഹാസ്, അഭിലാഷ്, രാഹുൽ, എസ്.സി.പി.ഒ ബിജു, സി.പി.ഒ രാജേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. പൂന്തുറ സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ട പ്രതിക്കെതിരെ പൂന്തുറ, വലിയതുറ, തുമ്പ, ചാത്തന്നൂർ, ചടയമംഗലം, ആലുവ ഈസ്റ്റ് എന്നീ പോലീസ് സ്റ്റേഷനുകളിൽ മോഷണം, വധശ്രമം, കഞ്ചാവ് വിൽപ്പന തുടങ്ങിയ നിരവധി കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വീട്ടമ്മയെ ആക്രമിച്ച കേസിൽ ഒരാൾ പിടിയിൽ

തിരുവനന്തപുരം:- ബീമാപള്ളി മാണിക്യ വിളാകത്ത് വീട്ടമ്മയെ ആക്രമിച്ച കേസിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മാണിക്യ വിളാകം പുതുവൽ പുത്തൽ വീട്ടിൽ തൊത്തിക്കാലൻ എന്ന് വിളിക്കുന്ന സെയ്യദാലി (24) യെ ആണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്.



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത
സെയ്ദാലി(24)

തിങ്കളാഴ്ച വൈകിട്ട് 7 മണിക്കാണ് വീട്ടമ്മക്ക് നേരെ അതിക്രമം നടന്നത്. മാണിക്യ വിളാകത്തുള്ള കടയിൽ നിന്നും സാധനം വാങ്ങി തിരികെ ഇറങ്ങിയ സമയം അവിടെ നിൽക്കുകയായിരുന്ന പ്രതി വീട്ടമ്മയെ കടന്നു പിടിക്കുകയും തട്ടി മാറ്റി പോകാൻ ശ്രമിച്ചപ്പോൾ അസഭ്യം പറയുകയും

വീണ്ടും കടന്നുപിടിച്ച് ലൈംഗികമായി ഉപദ്രവിക്കാൻ ശ്രമിച്ച് കടന്നു കളയുകയായിരുന്നു. സംഭവത്തിനു ശേഷം ഒളിവിൽ പോയ പ്രതിയെ പൂന്തുറ എസ്.എച്ച്.ഒ സജികുമാർ, എസ്.ഐ മാരായ ഷിഹാസ്, അഭിലാഷ്, രാഹുൽ, എസ്.സി.പി.ഒ ബിജു, സി.പി.ഒ രാജേഷ് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. സ്ഥിരം ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പ്രതിയ്ക്കെതിരെ പൂന്തുറ സ്റ്റേഷനിൽ മാത്രം 5 കേസുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു

## യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ പിടിയിൽ

തിരുവനന്തപുരം:- കൊച്ചുവേളിയിൽ യുവാവിനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച രണ്ടംഗ സംഘത്തിലെ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കരിക്കകം പുതുവൽപുത്തൻ വീട്ടിൽ കുത്തുരാമൻ എന്ന് വിളിക്കുന്ന ബിജു (30) വിനെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.


പേട്ട പോലീസ് അറസ്റ്റ് ചെയ്ത ബിജു (30)

ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.30 മണിക്കാണ് സം ഭവം നടന്നത്. കൊച്ചുവേളി റയിൽവേ സ്റ്റേഷനു സമീപം വിനായക നഗറിൽ വച്ച് സ്ഥലവാസിയായ രാഹുൽ രാജുവിനെ ബിജുവും കൂട്ടാളിയായ സൗജിത്തും ചേർന്ന് തടഞ്ഞു നിർത്തി ശരീരമാസകലം മർദ്ദിക്കുകയും ബിയർ

കുപ്പിയും കരിങ്കല്ലും കൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. രാഹുലിനേയും അച്ഛനേയും പ്രതികൾ ചീത്ത വിളിച്ചത് ചോദ്യം ചെയ്തതാണ് ആക്രമണത്തിന് കാരണം. സംഭവത്തിനു ശേഷം ഒളിവിൽ പോയ ഒന്നാം പ്രതിയായ ബിജുവിനെ പേട്ട എസ്.എച്ച്.ഒ ബിനുകുമാർ, എസ്.ഐ സതീഷ്, സി.പി.ഒ മാരായ ബിപിൻ, പ്രവീൺ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. രണ്ടാം പ്രതിയെ പിടികൂടാൻ അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 234 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം :- കോവിഡ്-19 സുരക്ഷാ പരിശോധനയുടെ ഭാഗമായി ഇന്നലെ (14-07-2021) നാലു മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 234 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 53 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 112 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 17 പേരിൽ നിന്നുമായി 64,000/- രൂപ പിഴ ഈടാക്കി. കൂടാതെ 43 ഇരുചക്രവാഹനങ്ങളും 2 ഓട്ടോറിക്ഷയും 7 കാറും ഉൾപ്പെടെ

ഉൾപ്പെടെ അനാവശ്യ യാത്ര നടത്തിയ 52 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 2057 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

തിരുവനന്തപുരം സിറ്റി
14-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി